**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1400** — **04-07-2022 - ൽ മറുപടിയ്ക്ക്**

**പഴവിൽ ശ്രീഗോകുലം പബ്ലിക്ക് സ്കൂളിലെ അദ്ധ്യാപക സമരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ പഴവിൽ ശ്രീഗോകുലം പബ്ലിക്ക് സ്കൂളിലെ അദ്ധ്യാപക സമരം അവസാനിപ്പിക്കുന്നതിനും പിരിച്ചുവിടപ്പെട്ട അദ്ധ്യാപകരേയും ജിവനക്കാരേയും തിരിച്ചെടുക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | തൃശ്ശൂർ ജില്ലയിൽ പ്രവർത്തിച്ചു വരുന്ന സി.ബി.എസ്.ഇ വിദ്യാലയമാണ് പഴവിൽ ശ്രീഗോകുലം പബ്ലിക് സ്കൂൾ. ടി വിദ്യാലയത്തിലെ 45 അദ്ധ്യാപകരെ ജോലിയിൽ നിന്നും പിരിച്ചുവിട്ടത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി വിദ്യാഭ്യാസവും തൊഴിലും വകുപ്പ മന്ത്രിയുടെ അധ്യക്ഷതയിൽ ബന്ധപ്പെട്ട കക്ഷികളെ പങ്കെടുപ്പിച്ച് 2021 ഡിസംബർ 28-ന് സെക്രട്ടറിയേറ്റിൽ വച്ച് യോഗം സംഘടിപ്പിച്ചിരുന്നു. ടി യോഗത്തിൽ പിരിച്ചുവിടപ്പെട്ട അദ്ധ്യാപകരെ തിരിച്ചെടുക്കില്ല എന്ന നിലപാടാണ് സ്കൂളധികൃതർ സ്വീകരിച്ചത്. പ്രസ്തുത യോഗത്തിൽ ടി വിഷയത്തിന്മേൽ തീരുമാനം ആകാത്തതിനാൽ ബന്ധപ്പെട്ട എല്ലാ കക്ഷികളെയും പങ്കെടുപ്പിച്ച് ഒരു കൂടിക്കാഴ്ച നടത്തി തീരുമാനം എടുക്കുന്നതിന് സർക്കാർ പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. സർക്കാർ നിർദ്ദേശ പ്രകാരം 2022 ജൂൺ 21-ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ കൂടിക്കാഴ്ച നടത്തുകയുണ്ടായി. എന്നാൽ പ്രസ്തുത കൂടിക്കാഴ്ചയിൽ തൃശ്ശൂർ ജില്ലാ ലേബർ ആഫീസർ മാത്രമാണ് പങ്കെടുത്തത്. സ്കൂളധികൃതർ, പരാതിക്കാരുടെ പ്രതിനിധികൾ, സംഘടനാ നേതാക്കൾ എന്നിവരാരും തന്നെ പങ്കെടുത്തിരുന്നില്ല.<br><br>1972-ലെ വ്യവസായ തർക്ക നിയമത്തിലെ വകുപ്പ് 2(എസ്) പ്രകാരം അദ്ധ്യാപകർ തൊഴിലാളി എന്ന നിർവചനത്തിൽ ഉൾപ്പെടാത്തതിനാൽ തൊഴിൽ വകുപ്പിന് ഇക്കാര്യത്തിൽ ഇടപെടാൻ കഴിയില്ല. കൂടാതെ സി.ബി.എസ്.ഇ അഫിലിയേഷനിൽ പ്രവർത്തിക്കുന്ന സ്കൂൾ ആയതിനാൽ ഈ വിഷയത്തിൽ ഇടപെടുന്നതിന് സംസ്ഥാന സർക്കാരിനും പരിമിതികൾ ഉണ്ട്. എങ്കിലും ഇതിൽ |

| | | | |
|---|---|---|---|
| | | | എന്ത് തുടർ നടപടി സ്വീകരിക്കാൻ കഴിയുമെന്ന കാര്യവും സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ